MALAYALA MANORAMA 10-03-2016




കൊച്ചിയിൽ മൽസ്യവിഭവ സുരക്ഷ ദേശീയ സെമിനാർ കുസാറ്റ് വൈസ് ചാൻസലർ ഡോ. ജെ. ലത ഉദ്ഘാടനം ചെയ്യുന്നു. ഡോ. എ.വി. ഷിബു, ഡോ. കെ.എൻ. രാഘവൻ, ഡോ. കെ. സാജൻ, ഡോ. എ. രാമചന്ദ്രൻ, പ്രഫ. സി.ടി. സാമുവൽ, ഡോ. കെ.ടി. തോംസൺ, ഡോ. സി.എൻ. രവിശങ്കർ എന്നിവർ സമീപം.

# മൽസ്യ ബന്ധന മേഖല കരുത്താർജിക്കേണ്ടത് സമ്പദ് വ്യവസ്ഥയ്ക്ക് അനിവാര്യം: ഡോ. ജെ. ലത

കൊച്ചി ● മൽസ്യ വിഭവങ്ങളുടെ സുസ്ഥിരതയ്ക്കു കോട്ടംതട്ടാത്ത വിധം മൽസ്യബന്ധന മേഖല കരുത്താർജിക്കേണ്ടത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് അനിവാര്യമാണെന്ന് കുസാറ്റ് വൈസ് ചാൻസലർ ഡോ. ജെ. ലത അഭിപ്രായപ്പെട്ടു.

കുസാറ്റ് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിന്റെ 40-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മൽസ്യ വിഭവ സുരക്ഷയും വിപണനവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കൊച്ചി കസ്റ്റംസ് കമ്മിഷണർ ഡോ. കെ.എൻ. രാഘവൻ, സിഐഎഫ്ടി ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, കുസാറ്റ് മുൻ റജിസ്ട്രാർ ഡോ. എ. രാമചന്ദ്രൻ, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് ഡയറക്ടർ ഡോ. കെ.ടി. തോംസൺ എന്നിവർ പ്രസംഗിച്ചു. 12 വരെ തുടരുന്ന സെമിനാറിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മൽസ്യ മേഖലയിലെ പ്രമുഖർ പ്രഭാഷണം നടത്തും. നിരവധി ആശയ സംവാദങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.